സിൽവഴിക്കല്ലാതെകണ്ട് അയച്ചുതന്നാൽ വേണ്ടതുപോലെ ചെയ്യാം. ഇതിൽ ശ്രദ്ധപതിക്കേണ്ടതായ വിഷയമാണെന്നുള്ള സംഗതി ഗവണ്മെണ്ട് സമ്മതിക്കുന്നു.

Mr. V. J. Mathai *(Planters)* : Sir, I am glad to see that the Government considers this as a very important matter and that the Government will be taking vigorous steps to see that efforts are made to combat soil erosion. Since there is no controversy in this matter, I beg leave of the House to withdraw my resolution.

Resolution by leave withdrawn.

RESOLUTION No. 44

Protection centre for beggars in the towns of Ernakulam, Mattancheri, Trichur and Kunnamkulam

മിസ്റ്റർ വി. കെ. കുട്ടി: സർ, "എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ, കുന്നംകുളം എന്നീ പട്ടണങ്ങളിൽ ഭവനരഹിതരായി നിരാധാരന്മാരായി അലഞ്ഞുനടക്കുന്ന യാചകന്മാക്ക് ഓരോ അഭയകേന്ദ്രം സജ്ജീകരിക്കണമെന്നു് ഈ കൌൺസിൽ മഹാരാജാവു തിരുമനസ്സിലെ ഗവണ്മെണ്ടിനോടപേക്ഷിക്കുന്നു." ഇതാണു് ഞാനിവിടെ അവതരിപ്പിക്കുന്ന പ്രമേയം. എന്റെ പ്രമേയത്തിൽ പെടുത്തിയിരിക്കുന്ന പട്ടണങ്ങളിൽ ദൈനംദിനം വന്നുകൂടിക്കൊണ്ടിരിക്കുന്ന യാചകന്മാരുടെ സംഖ്യ എത്രമാത്രമാണെന്നു് ഈ കൌൺസിലിലെ ബഹുമാനപ്പെട്ട എല്ലാ സാമാജികന്മാക്കും അറിയാം യാചിക്കുവാൻ തക്കവണ്ണം ദാരിദ്ര്യം അനുഭവിക്കുന്നവരാണു് അവരെല്ലാവരും എന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. എറണാകുളം പട്ടണത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ പല യാചകന്മാരും പകൽസമയം മുഴുവനും മുഷിഞ്ഞ മണ്ടും കുപ്പായവും ധരിച്ചു തെരുവുകൾതോറും അലഞ്ഞുനടന്നശേഷം രാത്രിയാകുമ്പോൾ വേഷം മാറി കളവുകൾനടത്തിവരുന്നതായി വർത്തമാനമുണ്ടു്. കുഷ്ഠരോഗവും മറവ പകർച്ചവ്യാധികളുമുള്ളവരും അവരുടെ കൂട്ടത്തിൽ ധാരാളമുണ്ടു്. അടുത്തകാലത്തു് ഫ, ഇ ൦ ൦-ൽപരം യാചകന്മാർ ഇവിടത്തെ തെരുവുകളിൽ അലഞ്ഞുനടക്കുന്നതായി കണക്കെടുക്കുകയും, അവരിൽ മിക്കവരേയും പോലീസ് ഇവിടെനിന്നും നിർബ്ബന്ധമായി പുറത്തേക്കയക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നെയും അവർ കുറേശ്ശെകുറേശ്ശെയായി വീണ്ടും ടൌണിന്റെ നാനാഭാഗങ്ങളിലും പ്രത്യേകിച്ചു മാക്കറ് പരിസരങ്ങളിലും കടന്നുകൂടി പൊതുജനദ്രോഹം തുടർന്നുവരുകയാണു്. എന്റെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന പട്ടണങ്ങളിൽ എവിടെ നോക്കിയാലും അവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണാം. ഇവരുടെ കാര്യത്തിൽ എന്തെങ്കിലും ഒരു പോംവഴി കണ്ടുപിടിക്കുവാൻ എറണാകുളം മുനിസിപ്പാലിറ്റി ശ്രദ്ധാപൂർവ്വം പരിശ്രമിക്കുകയുണ്ടായി. സോഷ്യൽ ലീഗുകാരും ഈ വഴിക്കുള്ള ഉദ്യമങ്ങളിൽ സർവ്വഥാ സഹകരിച്ചിരുന്നു. നിർഭാഗ്യവശാൽ ആ പരിശ്രമങ്ങളെല്ലാം പരാജയത്തിലാണു് കലാശിച്ചതു്. സ്റ്റിപ്പു കൊടുത്തു യാചകന്മാരുടെ എണ്ണം കുറച്ചാലും അവരുടെ മനസ്ഥിതിക്കു മാറ്റം വരുന്നതല്ല. അതുകൊണ്ടു് അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഈ യാചകന്മാക്ക് രാത്രിയിൽ അഭയംപ്രാപിക്കത്തക്കവണ്ണം ഒരു സുരക്ഷിതകേന്ദ്രം സജ്ജീകരിക്കേണ്ടതു അത്യാവശ്യമാണു്. ടൌണിന്റെ നാനാഭാഗങ്ങളിലും രാത്രികാലങ്ങളിൽ എന്തെല്ലാം വിഷമതകളാണവരുണ്ടാക്കുന്നതെന്നു വിവരിക്കുകവയ്യ. അതിനാൽ ഒരു സ്ഥലം അകപയർ ചെയ്ത് അഭയകേന്ദ്രം സജ്ജീകരിക്കുക. ഒരു ക്ലിപ്തസമയത്തിനുള്ളിൽ അവർ കേന്ദ്രത്തിലെത്തണമെന്നു് അനുശാസിക്കുക, അങ്ങിനെ ചെയ്യാതിരുന്നാൽ അതു ശിക്ഷാർഹമാക്കുക. ഇങ്ങിനെ ഒരു വ്യവസ്ഥ നടപ്പിൽ വരുത്തിയാൽ അതു ഈ കുഴഞ്ഞ പ്രശ്നത്തിനു പോംവഴിയാകുമെന്നാണു് എന്റെ ദൃഢവിശ്വാസം. പോലീസിന്റെ ശ്രദ്ധ മാത്രംകൊണ്ടു് ഇതിനു പരിഹാരമുണ്ടാക്കുവാൻ സാധിക്കയില്ല. പാസ്സുകൊടുത്തു ഭിക്ഷാടനത്തിനു അനുവദിച്ചാൽതന്നെയും അതു ഒരു തികഞ്ഞ പരിഹാരമാർഗ്ഗമാവില്ല. നിരാധാരന്മാരായ അവർക്ക് രാത്രികാലവിശ്രമത്തിനു സൌകര്യം ലഭിക്കാത്തപക്ഷം അവരെ സംബന്ധിച്ച പ്രശ്നം അപൂർണ്ണമായി മാത്രമേ നിലകൊള്ളുകയുള്ളു.

ഈ യാചകപ്പരിഷകളിൽ കൃത്രിമയാചകന്മാർ വളരെയുണ്ടു്. ഭിക്ഷാടനം ആദായകരമായ മുതൽമുടക്കൊന്നുമില്ലാത്ത ഒരു വ്യവസായമായി അനുഭവപ്പെട്ടതുകൊണ്ടു പലരും ആ ഹീനമാർഗ്ഗം അതിലേയ്ക്കു തിരിഞ്ഞിറങ്ങുകയാണു്. അവരിൽ നൂറിൽ ശതമാനവും തൊഴിലെടുക്കുവാൻ ശേഷിയുള്ളവരാണു്. അങ്ങിനെ തൊഴിലെടുക്കുവാൻ ശേഷിയുള്ളവർ ഭിക്ഷാടനം ചെയ്യുന്നതു കുറ്റകരമാക്കുക. ഇന്നിന്നവർ മാത്രമേ ഭിക്ഷാടനത്തിനു പോകാവു എന്നു വ്യവസ്ഥചെയ്യണം. ഒരു ക്ലിപ്തവയസ്സിനു മേലുള്ളവർ മെഡിക്കൽ സർട്ടിഫിക്കറിന്മേൽ മാത്രമേ ഭിക്ഷാടനം ചെയ്യാവു. രോഗമോ, ദൗർബ്ബല്യമൊ, അംഗഹീനതയൊ മറവ മ

LIBRARY ARCHIVES Kerala Legislative Assembly

തിയായ കാരണമൊ ഭിക്ഷാടനത്തിന്നാസ്പദമായിരിക്കണം. തൊഴിലെടുക്കുവാൻ ശേഷിയുള്ളവക്ക് എന്തു തൊഴിലാണം കൊടുക്കുകയെന്നുള്ള ഒരു പ്രശ്നത്തിനു ധാരാളം വകയുണ്ട്. നൽനൂൽപ്പു" എന്നുള്ളതു പുരുഷന്മാക്കും സ്ത്രീകൾക്കും കൂടികൊടുക്കുമെല്ലാം ചെയ്യുവാൻ സാധിക്കുന്ന ഒരു ജോലിയാണം". അതിനു വലുതായ പണച്ചിലവൊ ബുദ്ധിമുട്ടൊ ഒന്നുമില്ല. അതുകൊണ്ടു" മുനിസിപ്പാലിറ്റികളിൽനിന്നുതന്നെ അവരെ ഇങ്ങിനെയുള്ള തൊഴിലുകളിൽ ഏർപ്പെടുത്തുകയും, അവക്കു" അഭയകേന്ദ്രങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണം". തൊഴിലെടുക്കുവാൻ ശക്തിയുള്ളവക്കു യാചിക്കുവാനുള്ള മനസ്ഥിതി ഉണ്ടാക്കിത്തീർക്കരുതു". അങ്ങിനെയുള്ള ഒരു സാഹചര്യത്തിൽനിന്നും അവരെ വിമുക്തരാക്കി അവരെ മനുഷ്യത്വത്തോടു അടുപ്പിക്കുവാൻ ഞാൻ നിർദ്ദേശിച്ച മാർഗ്ഗം തികച്ചും പയ്യാപ്തമാവുകതന്നെചെയ്യും.

Mr. B. M. Peter *(Latin-Christians-Mattancheri):* I second it.

Mr. C. J. Mathew *(Joint Secretary to Government):* Sir, the beggar problem is not something peculiar to our State alone. It is a very wide problem which requires serious consideration. All this is considered by Government. When a census was lately taken by the Ernakulam Municipality, it was found that there are nearly 500 beggars roaming about the streets of Ernakulam during night time. To find accommodation for all the 500 is not an easy task. But then the Municipality is taking whatever steps possible for housing them with the limited resources available. They say it is not possible to find adequate funds to construct houses for accomodating all the beggars.

As for Trichur, they have provided Rs. 1,000 in their budget for giving relief to the beggars. In what manner they are going to utilise it is not decided yet.

At Kunnamkulam, it is reported, that there are a few poor houses already.

Mr. C. V. Iyyu *(Kunnamkulam):* All these poor houses are intended mainly to accommodate Christian poor classes. As for the Hindus and Muslims such poor houses are a real necessity there.

Mr. C. J. Mathew *(Joint Secretary to Government):* If all the poor houses at Kunnamkulam are meant only for the Christians, then, there also the question will have to be looked into. As for Mattancheri, the Chairman there has set a noble example. He has donated Rs. 1,000 for tackling this problem. That municipality is, therefore, going to utilise that amount in a fitting manner for providing accommodation to the beggars.

Deputy President: What can you do with Rs. 1,000?

Mr. C. J. Mathew *(Joint Secretary to Government):* During war time it will not be possible either for the Municipalities or for the Government to find funds enough to construct extensive buildings to accommodate all the beggars roaming about the streets. It is not an easy problem at all. As already stated, it is a very wide problem. Government can undertake such schemes only after the war is over. I hope the House will realise the difficulty of the Government. Whatever possible will be done in the meantime.

മിസ്റ്റർ വി. കെ. കുട്ടി: യുദ്ധകാലമായതുകൊണ്ടു് നടപ്പിൽവരുത്താൻ പ്രയാസമായിരിക്കുമെന്നല്ലാതെ ഇതിന്റെ തത്വം സ്വീകരിക്കുവാൻ ഗവണ്മെണ്ടിനു പ്രയാസമില്ലാത്തതാണം". എറണാകുളം ടൌണിൽ ഒരേക്കർ ഭൂമിക്കു ഫ ൦, ൦ ൦ ൦ ഉറുപ്പിക വിലവരും. ഒരു മൈൽകൂടി പുറത്തേക്കു മാറിയാൽ രണ്ടായിരം ഉറുപ്പികക്കുമേൽ ഒരേക്കർ ഭൂമിക്കു വിലയുണ്ടാകയില്ല.

മിസ്റ്റർ സി. ജെ. മാത്യു: ൫൦൦ പേക്കു താമസിക്കണമെങ്കിൽ അതിനുതക്ക ഒരു കെട്ടിടം പണിയിക്കേണ്ടതിനു ചിലവില്ലേ?

മിസ്റ്റർ വി. കെ. കുട്ടി: കോഴിക്കോട്ടും പാലക്കാട്ടും ഡിസ്ട്രിക്ടു് ബോർഡുവക സത്രങ്ങളുണ്ടു". സാനിറേഷൻജോലി നോക്കുന്നതും ഇവരാണം". അതുപോലെയുള്ള ചില സത്രങ്ങൾ ഏർപ്പെടുത്തണമെന്നാണു് ഞാൻ പറയുന്നതു". ഈ സംഗതിയിൽ ഗവണ്മെണ്ടിനു് കഷ്ടിച്ചു് ൫,൦൦൦ ഉറുപ്പികയോളമേ ചിലവുണ്ടാകയുള്ളു. അതു് മുനിസിപ്പാലിറ്റിയും ഗവണ്മെണ്ടുംകൂടി കാൺട്രിബ്യൂട്ടുചെയ്തു ചിലവാക്കുകയാണെങ്കിൽ വലിയ വിഷമമുണ്ടായിരിക്കുകയില്ല. ഒരു അഭയകേന്ദ്രം ഉണ്ടാക്കിക്കൊടുത്താൽ യാചകന്മാരെക്കൊണ്ടുള്ള ശല്യം ആക്കും ഉണ്ടാവുകയുമില്ല.

മിസ്റ്റർ കെ. എസ്സു". പണിക്കർ: കുഷ്ഠരോഗികളും മറ്റുള്ളവരുംകൂടി ഒന്നിച്ചോ?

മിസ്റ്റർ വി. കെ. കുട്ടി: ഇതു വലിയ ചിലവില്ലാത്ത ഒരു കാര്യമാണം". മുനിസിപ്പാലിറ്റിയും ഗവണ്മെണ്ടുംകൂടി ശ്രമിച്ചാൽ മതി. യുദ്ധത്തിന്റെ പേരിൽതന്നെ ഇപ്പോൾ ഗ

LIBRARY ARCHIVES Kerala Legislative Assembly

വമ്മെന്റെ പണം ചിലവിട്ടുന്നുണ്ട്. ആ ചിലവിലേയ്ക്കു ഒരു കച്ചവടക്കാരനായ ഞാനും സംഭാവനചെയ്തിട്ടുണ്ട്. വേണ്ടിവന്നാൽ ഇനിയും ചെയ്യാൻ തയ്യാറുമാണ്. പക്ഷേ ഈ യാചകന്മാരുടെ കാര്യത്തിൽ കാര്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. അവർക്കു വേണ്ടിയും കുറെ പണം ചിലവാക്കണം. നികുതിയായിട്ടും മറ്റും കച്ചവടക്കാരിൽനിന്നും ഗവമ്മെണ്ടിലേക്കു പണം ധാരാളം കിട്ടുന്നുണ്ട്. ഈ കാര്യത്തിനുവേണ്ടി പ്രത്യേകം ഒരു സംഖ്യ ആവശ്യപ്പെട്ടാലും തരുവാൻ കച്ചവടക്കാരാരും തടസ്സം പറയുമെന്നു തോന്നുന്നില്ല. ആളൊന്നുക്കു് ഒരുവർഷകാലത്തിൽ ഒരു സ്പെഷ്യൽ ടാക്സ് പെച്ചാലും ഞങ്ങൾ തരുവാൻ ഒരുക്കമാണ്. അതുത്തോളം വിഷമം ഇവരുടെ കാര്യത്തിൽ ഞങ്ങൾ അനുഭവിക്കുന്നുണ്ട്. യാചിക്കുവാൻ പോകുന്ന ഈ സാധുക്കളും മനുഷ്യരാണ്. അവരും മഹാരാജാവു തിരുമനസ്സിലെ പ്രജകളാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എറണാകുളത്തു പവ്വർ ഹൌസില്ലേ?

മിസ്റ്റർ വി. കെ. കട്ടി: അതു വേലചെയ്യുവാൻ നിവൃത്തിയില്ലാത്ത സാധുക്കൾക്കു് ആഹാരം കൊടുക്കുവാൻവേണ്ടി വെച്ചിട്ടുള്ളതാണ്. ഇവർക്കു് ആഹാരം കൊടുക്കണമെന്നു പറയുന്നില്ല, സന്ധ്യയായാൽ കയറി കിടക്കുവാൻ ഒരു അഭയസ്ഥാനം ഉണ്ടാക്കികൊടുക്കണമെന്നേ ഞാൻ ആവശ്യപ്പെടുന്നുള്ളൂ. ഗവമ്മെണ്ടിനു ഈ പ്രശ്നത്തോടു അനുഭാവമുള്ളതുകൊണ്ടു ഞാൻ പ്രമേയം പിൻവലിക്കുന്നു.

Resolution by leave withdrawn

RESOLUTION No. 45

Revision of T. A. rates for menials

Mr. C. V. Iyyu *(Kunnamkulam):* My resolution runs as follows.—

"This Council recommends to Government to fix as minimum T. A. and D. A. to be the actual bus fare to and fro and 8 annas per day to all Government, municipal and panchayat servants, including peons, masapadies and other menials who are on duty for journey over 3 miles in distance."

ഈ പ്രമേയം ഈ സഭയുടെ പരിഗണനക്കു വിടുന്നതിനുമുമ്പുതന്നെ ഇന്നത്തെ പരിതസ്ഥിതി മുമ്പിലത്തേക്കാളും കഷ്ടതരമായി തീർന്നിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. സാധുക്കളായ ശിപായിമാർക്കു ഖജനാവിലേക്കു പണമടക്കുവാൻപോകുമ്പോഴും, ഹെഡ് കാഷ്ട്ടഴ്സിലേക്കു വരുമ്പോഴും, അടിയന്തിരമായ എഴുത്തുകൾ കൊടുക്കുവാൻ പോകുമ്പോഴും ഗവമ്മെൻറിൽ നിന്നു കൊടുക്കുന്ന സംഖ്യ പോരാതെ അവരുടെ കയ്യിൽനിന്നുകൂടി ചിലവിടേണ്ടിവരുന്നുണ്ടെന്നുള്ളതിനാൽ അതിനൊരു പരിഹാരമുണ്ടാക്കണമെന്നപേക്ഷിക്കുവാനാണ് ഞാൻ ഈ പ്രമേയം അയച്ചിട്ടുള്ളതു്. ഇതിനെപ്പറ്റി വലിയ വാദപ്രതിവാദം നടത്തി ഈ സഭയുടെ സമയം അധികം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. സാധുക്കളായ കീഴ്ജീവനക്കാരുടെ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവമ്മെണ്ടും ഈ സഭയിലെ അംഗങ്ങളും അനുകൂലിച്ചു് ഈ പ്രമേയത്തെ പാസ്സാക്കിത്തരുമെന്നു വിശ്വസിക്കുന്നു.

Mr. K. S. Panicker *(Ezhuvas-Mukundapuram):* I second it.

Mr. P. V. Raphael *(Comptroller of Finance and Accounts):* The peons and other menials were receiving a daily allowance of 4 annas only till very recently. Subsequently by it was raised. Now they are getting a daily allowance of 6 as. and in addition the bus fare—peons going to the treasury and other places. It is not correct to say they have to meet out-of-pocket expenses for transacting Government business.

Mr. C. V. Iyyu *(Kunnamkulam):* Is it only for taking money to the treasury or for other purposes?

Mr. P. V. Raphael *(Comptroller of Finance and Accounts):* For every purpose. Peons accompanying on duty are allowed actual bus fare and train fare, as the case may be. The next point urged in this resolution is that they must be made eligible for this allowance for journeys to be performed within three miles. Now, the scheme of T. A. provides, here as also elsewhere, as in British India, Travancore and other places, that they must have travelled a minimum distance of 5 miles to make themselves eligible for T. A. and daily allowance. Government do not find any absolute need to revise this rule and make them eligible for T. A. and bus fare for a journey of three miles and above. The financial commitment for such a thing will be very great and to make them eligible for T. A. for going a distance of 3 miles does not appear to the Government to be very necessary. On these grounds Government have to oppose this resoluton.

Mr. K. S. Panicker *(Ezhuvas-Mukundapuram):* When was this daily allowance raised?

LIBRARY ARCHIVES Kerala Legislative Assembly